ഉത്തരം

ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ ഗെയിംസ്

274 (280) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതിന് ആകെ എന്ത് തുക ചെലവായി ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇതിന് വേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റുകളിലായി എത്ര തുകയാണ് ഇതിനു വേണ്ടി വകയിരുത്തിയിട്ടുള്ളത് ;

(ഡി) ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) ദേശീയ ഗെയിംസിന്റെ മുന്നോടിയായി കൂട്ടയോട്ടം സംഘടിപ്പിക്കാനുള്ള തീരുമാനം എപ്പോഴാണ് കൈക്കൊണ്ടത് ; ആരാണ് കൈക്കൊണ്ടത് ;

(എഫ്) കൂട്ടയോട്ടം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് എന്ത് തുക ചെലവഴിക്കേണ്ടിവന്നു ;

(ജി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ എന്ത് തുക ചെലവഴിക്കേണ്ടിവന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ അന്തിമ കണക്കുകൾ തയ്യാറായി വരുന്നതേയുള്ളൂ.

(ബി) 121 കോടി രൂപ

(സി&ഡി)	2009-10	-	20.45 കോടി രൂപ
	2010-11	-	5 കോടി രൂപ
	2012-13	-	30 കോടി രൂപ
	2013-14	-	86.67 കോടി രൂപ
	2014-15	-	130.00 കോടി രൂപ

കൂടാതെ റോഡ് നവീകരണത്തിനായി 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തപ്പെട്ട പദ്ധതിയാണ്.

(എഫ്) കൂട്ടയോട്ടം സംഘടിപ്പിക്കുന്നതിന് ചെലവായ തുകയുടെ അന്തിമ കണക്ക് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

(ജി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുക ചെലവഴിക്കുന്നതിന് പെർമിസിവ് സാംഗ്ഷൻ നൽകിയിരുന്നു. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമായിട്ടില്ല.

ദേശീയ ഗെയിംസ് പൈറോ ടെക്നിക് കരിമരുന്ന് പ്രയോഗം

275 (281) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 35-ാം ദേശീയ ഗെയിംസിന്റെ ഉദ്ഘാടന -സമാപന ചടങ്ങുകളിൽ പൈറോ ടെക്നിക് എന്ന കരിമരുന്ന പ്രയോഗത്തിനായി ആകെ എത്ര തുകയാണ് വിനിയോഗിക്കപ്പെട്ടതെന്നും, ഇവയിൽ ഓരോ ചടങ്ങിലും എത്ര സമയം വീതം പൈറോടെക്നിക് ഉപയോഗിച്ചുവെന്നും, ഈ പൈറോടെക്നിക് നിർവ്വഹിച്ചത് ഏത് കമ്പനി/വ്യക്തി ആണെന്നും, ഇതു സംബന്ധിച്ചുള്ള ടെണ്ടർ വിശദാംശങ്ങളും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly